# റിസര്‍വ് ബാങ്ക് ഓഫ് ഇന്‍ഡ്യ

**www.rbi.org.in**

ആര്‍ പി ഐ/2019-20/43
ഡിബിആര്‍.ഐ ബി ഡി.ബി സി.13/23.67.001/2019-20

ആഗസ്റ്റ് 16, 2019

ഗ്രാമീണ ബാങ്കുകള്‍ ഒഴികെയുള്ള
എല്ലാ ഷെഡ്യൂള്‍ഡ് വാണിജ്യ ബാങ്കുകളും

സര്‍/ മാഡം,

**സ്വര്‍ണ്ണ മോണിറ്റൈസേഷന്‍ പദ്ധതി – 2015**

ബാങ്കിംഗ് നിയന്ത്രണ നിയമം 1949 ലെ 35 എ വകുപ്പു പ്രകാരം ലഭ്യമായിട്ടുള്ള അധികാരങ്ങള്‍ ഉപയോഗിച്ച് റിസര്‍വ് ബാങ്ക് ഉടന്‍ പ്രാബല്യത്തില്‍ വരുന്ന രീതിയില്‍ സ്വര്‍ണ്ണ മോണിറ്റൈസേഷന്‍ പദ്ധതി - 2015 - മാസ്റ്റര്‍ നിര്‍ദ്ദേശം നം.ഡിബിആര്‍.ഐ.ബി.ഡി.നം.45/23.67.003./2015-16 ല്‍ ഉടന്‍ നിലവില്‍ വരുന്ന രീതിയില്‍ താഴെ പറയുന്ന ഭേദഗതികള്‍ വരുത്തിയിരിക്കുന്നു.

1. നിലവിലുള്ള ഉപഖണ്ഡിക 2.1.1 (v) താഴെപറയുന്ന പ്രകാരം ഭേദഗതി ചെയ്യുന്നു.

ഈ പദ്ധതി പ്രകാരമുള്ള എല്ലാ നിക്ഷേപങ്ങളും സി.പി.ടി.സിയില്‍ ആയിരിക്കും. ബാങ്കുകള്‍ക്ക് അവരുടെ വിവേചനാധികാരത്തില്‍, നിയുക്ത ശാഖകളില്‍, പ്രത്യേകിച്ച് സ്ഥിര നിക്ഷേപകരില്‍ നിന്ന് സ്വര്‍ണ നിക്ഷേപം സ്വീകരിക്കാം. ഈ പദ്ധതിപ്രകാരമുള്ള നിക് ഷേപം സ്വീകരിക്കുന്നതിന് ബാങ്കുകള്‍ ഓരോ സംസ്ഥാനത്തും, / കേന്ദ്ര ഭരണ പ്രദേശത്തും കുറഞ്ഞത് ഒരു ശാഖയെങ്കിലും തെരഞ്ഞെടുക്കണം.

കൂടാതെ ബാങ്കുകള്‍ക്ക് അവരുടെ വിവേചനാധികാരപ്രകാരം, നിക്ഷേപകര്‍ക്ക് അവരുടെ സ്വര്‍ണം നേരിട്ട് റിഫൈനര്‍മാര്‍ക്ക് അന്തിമ വിലയിരുത്തല്‍ നടത്താനേല്‍പിക്കാനും, 955 ശുദ്ധിയുള്ള സ്റ്റാന്‍ഡേര്‍ഡ് സ്വര്‍ണത്തിന്‌റെ നിക്ഷേപങ്ങള്‍ സ്വീകരിച്ച് നിക്ഷേപ രസീതുകള്‍ നിക് ഷേപകനു നല്‍കാനും അനുവദിക്കാം.

2. പുതിയ ഉപഖണ്ഡിക 2.1.1 (Xiii) കൂട്ടിച്ചേര്‍ക്കേണ്ടതാണ്.

''എല്ലാ നിയുക്ത ബാങ്കുകളും ഈ പദ്ധതിക്ക് മതിയായ പ്രചാരണം അവരവരുടെ ശാഖകള്‍ വഴിയും, വെബ് സൈറ്റ് മുഖേനയും മറ്റു മാര്‍ഗ്ഗേണയും നല്‍കേണ്ടതാണ്.

3. ഭാരത സർക്കാരിന്റെ സ്വർണ്ണ മോണിറ്റൈസേഷൻ പദ്ധതി - 2015 നെ സംബന്ധിച്ച 22.10.2015ലെ മാസ്റ്റർ നിർദ്ദേശം നം.ഡിബിആർ.ഐ.ബി.ഡി.നമ്പർ 45/23.67.003/2015.16 ഈ മാറ്റങ്ങൾ ചേർത്ത് പരിഷ്ക്കരിച്ചിരിക്കുന്നു.

വിശ്വസ്തതയോടെ,

(സൗരവ് സിൻഹ)
ചീഫ് ജനറൽ മാനേജർ - ഇൻ - ചാർജ്